(Pages : 8) **S 1526**

Sl. No.

# SSLC EXAMINATION, MARCH - 2020

## BIOLOGY

(Malayalam)

Time : 1½ Hours Total Score : 40

---

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ **15** മിനിട്ട് സമാശ്വാസ സമയമാണ്.
- ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം, എന്നിവ പരിഗണിക്കണം.

---

Score

**1** മുതൽ **6** വരെയുള്ള ചോദ്യങ്ങളിൽ **ഏതെങ്കിലും അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക. ഓരോന്നിനും **1** സ്കോർ വീതം. **5x1=5**

**1.** പ്രകാശഗ്രാഹീകോശങ്ങളിൽ ആവേഗങ്ങൾ രൂപപ്പെടുന്നതിന് കാരണമായ പ്രക്രിയയാണ് : **1**

(a) പ്രകാശത്തിന്റെ സാന്നിധ്യത്തിൽ കാഴ്ചാ വർണ്ണകങ്ങളുടെ വിഘടനം.

(b) പ്രകാശത്തിന്റെ സാന്നിധ്യത്തിൽ വിറ്റാമിൻ A യുടെ രൂപപ്പെടൽ.

(c) നേത്രനാഡിയിലൂടെ സന്ദേശങ്ങൾ സെറിബ്രത്തിലെത്തുന്നത്.

(d) റെറ്റിനാലും ഓപ്സിനും കൂടിച്ചേരുന്നത്.

**2.** നൽകിയിരിക്കുന്ന DNA തന്മാത്രയുടെ ചിത്രീകരണത്തിലെ (i), (ii) എന്നിവ എന്തിനെ സൂചിപ്പിക്കുന്നു ? **1**




brainsprep
Download free study materials
from www.brainsprep.com

**3.** ചുവടെ നൽകിയിരിക്കുന്ന രോഗലക്ഷണങ്ങൾ വിശകലനം ചെയ്ത് രോഗമേതെന്ന് തിരിച്ചറിഞ്ഞെഴുതുക. **1**

- കുറഞ്ഞ ഉപാപചയ നിരക്ക്.
- ഉയർന്ന രക്തസമ്മർദ്ദം.
- ശരീരകലകളുടെ വീക്കം.

Score

4. മാതൃകയ്ക്കനുസരിച്ച് ബോക്സിൽ നൽകിയിരിക്കുന്നവയിൽ നിന്നും ഉചിതമായ ഒരു ജോഡി നിർമ്മിക്കുക. 1

**മാതൃക :**

ചാൾസ് ഡാർവിൻ - പ്രകൃതി നിർധാരണ സിദ്ധാന്തം.

| |
|---|
| ഫ്യൂഗോ ഡീ വ്രീസ്, ലാമാർക്ക്,<br>രാസപരിണാമ സിദ്ധാന്തം,<br>പാൻസ്പേർമിയ, ഉൽപരിവർത്തന<br>സിദ്ധാന്തം, റോബർട്ട് മാൽത്തൂസ് |

5. സസ്യങ്ങളിൽ കോശഭിത്തി മറികടന്നെത്തുന്ന രോഗാണുക്കൾ കോശസ്തരത്തിലൂടെ പ്രവേശിക്കുന്നത് തടയുന്ന രാസഘടകമേത് ? 1

6. ചുവടെ നൽകിയവയിൽ ശരിയായ ജോഡി ഏതെന്ന് കണ്ടെത്തി എഴുതുക. 1

| | |
|---|---|
| ജങ്ക് ജീനുകൾ | പ്രോട്ടീൻ നിർമ്മാണത്തിൽ പങ്കെടുക്കുന്ന പ്രവർത്തനക്ഷമമായ ജീനുകൾ. |
| ഇന്റർഫെറോണുകൾ | ജീനുകളെ മുറിച്ചുമാറ്റാൻ ഉപയോഗിക്കുന്ന ജനിതക കത്രിക. |
| ജീനോം | ഒരു ജീവിയിൽ അടങ്ങിയിട്ടുള്ള മൊത്തം ജനിതക വസ്തു. |
| എൻഡോർഫിനുകൾ | വളർച്ചാ വൈകല്യങ്ങൾ തടയുന്നതിനുപയോഗിക്കുന്ന പ്രോട്ടീനുകൾ. |

brainsprep
Download free study materials
from www.brainsprep.com

Score

7 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ **ഏതെങ്കിലും ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 2 സ്കോർ വീതം. 6x2=12

7. നൽകിയിരിക്കുന്ന വിവരങ്ങൾ തന്നിരിക്കുന്ന തലക്കെട്ടുകൾക്കു കീഴിൽ ഉചിതമായി ക്രമീകരിച്ചെഴുതുക. 2

- ഇന്ദ്രിയാനുഭവങ്ങൾ ഉളവാക്കുന്നു.
- നടത്തം, ഓട്ടം എന്നീ പ്രവർത്തനങ്ങളിലെ ആവർത്തന ചലനത്തെ ഏകോപിപ്പിക്കുന്നു.
- ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മസ്തിഷ്കത്തിലേയ്ക്കും തിരിച്ചും ആവേഗങ്ങളെ പ്രേഷണം ചെയ്യുന്നു.
- പേശീപ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ശരീര തുലനനില പാലിക്കുന്നു.

| മസ്തിഷ്കം | സുഷുമ്ന |
|---|---|
| • | • |
| • | • |

8. ചിത്രീകരണം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) ജീവ പരിണാമത്തെപ്പറ്റി തന്നിരിക്കുന്ന ചിത്രീകരണം നൽകുന്ന തെളിവെന്ത് ? 1

(b) അനുരൂപ അവയവങ്ങളുടെ പഠനം സമാനമായ തെളിവുകൾ നൽകുന്നുണ്ടോ ? എങ്ങനെ ? 1

brainsprep
Download free study materials from www.brainsprep.com

9. ചില രോഗങ്ങളുമായി ബന്ധപ്പെട്ട പ്രസ്താവനകൾ വിശകലനം ചെയ്ത് ഓരോന്നിനുമുള്ള കാരണങ്ങൾ എഴുതുക.

(a) ഹെപ്പറ്റൈറ്റിസ് രോഗത്തിൽ, കണ്ണിന്റെ വെള്ളയിലും നഖത്തിലും കടും മഞ്ഞനിറമുണ്ടാകുന്നു. 1

(b) ഡിഫ്തീരിയ രോഗത്തിൽ, കട്ടിയുള്ളതും ചാരനിറത്തിലുള്ളതുമായ ഒരാവരണം തൊണ്ടയിൽ രൂപപ്പെടുന്നു. 1

Score

10. ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) (i) എന്തിനെ സൂചിപ്പിക്കുന്നു ? 1

(b) മയലിൻ ഷീത്ത് രൂപപ്പെടുന്നതെങ്ങനെ ? 1

11. മനുഷ്യരിലെ ക്രോമസോമുകളുമായി ബന്ധപ്പെട്ട് നൽകിയ പട്ടിക വിശകലനം ചെയ്ത് A കോളത്തിനനുസരിച്ച് B കോളം ക്രമീകരിച്ചെഴുതുക. 2

| A | B |
|---|---|
| ലിംഗനിർണയ ക്രോമസോമുകൾ | 22 + X |
| സ്വരൂപ ക്രോമസോമുകൾ | 44 + XY |
| പുംബീജ കോശങ്ങളിലെ ക്രോമസോമുകൾ | 22 ജോഡി |
| സ്ത്രീബീജ കോശങ്ങളിലെ ക്രോമസോമുകൾ | X, Y |
| | 22 + X, 22 + Y |

12. പ്രത്യേക പ്രതിരോധത്തിലുൾപ്പെടുന്ന കോശങ്ങളുടെ ധർമ്മങ്ങൾ ചിത്രീകരിച്ചിരിക്കുന്നു. (i), (ii), (iii), (iv) എന്നിവ തിരിച്ചറിഞ്ഞെഴുതുക. 2




brainsprep
Download free study materials from www.brainsprep.com

Score

13 തന്നിരിക്കുന്ന പ്രസ്താവന വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

"പൂർണമായും ചികിത്സിച്ച് ഭേദമാക്കാനാവില്ലെങ്കിലും താൽക്കാലിക ശമനമുണ്ടാക്കാവുന്ന രോഗമാണ് ഹീമോഫീലിയ."

(a) താൽക്കാലിക രോഗശമനം സാധ്യമാക്കുന്നതെങ്ങനെ ? 1

(b) പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്തത് എന്തുകൊണ്ട് 1

14 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ **ഏതെങ്കിലും അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം. 5x3=15

14. രുചി അറിയിക്കുന്ന പ്രവർത്തനഘട്ടങ്ങൾ ശരിയായ ക്രമത്തിൽ എഴുതുക. 3

- ആവേഗങ്ങൾ നാഡികളിലൂടെ മസ്തിഷ്കത്തിലെത്തുന്നു.
- രുചി തിരിച്ചറിയുന്ന രാസഗ്രാഹികൾ ഉദ്ദീപിപ്പിക്കുന്നു.
- പദാർത്ഥങ്ങൾ ഉമിനീരിലൂടെ സ്വാദുമുകുളങ്ങളിലെത്തുന്നു.
- രുചിയ്ക്ക് കാരണമാകുന്ന പദാർത്ഥങ്ങൾ ഉമിനീരിൽ ലയിക്കുന്നു
- രുചി എന്ന അനുഭവം രൂപപ്പെടുന്നു.
- രാസഗ്രാഹികളിൽ ആവേഗങ്ങൾ രൂപപ്പെടുന്നു.

15. ജനിതക എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട ചിത്രീകരണഭാഗം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




brainsprep
Download free study materials from www.brainsprep.com

(a) തുടർന്നുള്ള ഘട്ടങ്ങൾ കൂട്ടിച്ചേർത്ത് ചിത്രീകരണം പൂർത്തിയാക്കുക. 1

(b) ജനിതക സാങ്കേതിക വിദ്യയുടെ മറ്റ് പ്രയോജനങ്ങൾ എന്തെല്ലാം ? 2

Score

16. ഉയരം കൂടിയ, ഉരുണ്ട വിത്തുള്ള ഒരു സസ്യത്തെ ഉയരം കുറഞ്ഞ, ചുളുങ്ങിയ വിത്തുള്ള സസ്യവുമായി നടത്തിയ വർഗസങ്കരണ പ്രക്രിയ ചിത്രീകരിച്ചിരിക്കുന്നു.




(a) (i), (ii) എന്നിവ പൂരിപ്പിക്കുക. 1

(b) ഒന്നാം തലമുറയുടെ സ്വപരാഗണം വഴിയുണ്ടാകുന്ന സസ്യങ്ങളിൽ പ്രകടമാകുന്ന സ്വഭാവങ്ങൾ ഏതെല്ലാമായിരിക്കും ? 2

17. എലിപ്പനി രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന ലഘുലേഖയിൽ ഉൾപ്പെടുത്തുന്നതിന് രോഗപ്പകർച്ച, മുൻകരുതലുകൾ എന്നിവ വിശദീകരിക്കുന്ന കുറിപ്പ് തയ്യാറാക്കുക. 3

18. ചിത്രീകരണം നിരീക്ഷിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




Brainsprep
Download study materials from www.brainsprep.com

(a) (i), (ii) എന്നീ ഭാഗങ്ങളുടെ പേരെഴുതുക. 1

(b) എല്ലാ ആകസ്മിക പ്രതികരണങ്ങളും (iii) ന്റെ നിയന്ത്രണത്തിലാണോ ? ഒരു ഉദാഹരണത്തിലൂടെ വിശദമാക്കുക. 2

Score

19. മനുഷ്യ പരിണാമവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ചിത്രീകരണം വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) (i), (ii) എന്നീ വിഭാഗങ്ങളുടെ പേരെഴുതുക. 1

(b) (ii) ലുൾപ്പെടുന്ന ജീവികളുടെ രണ്ട് മുഖ്യ സവിശേഷതകൾ ഏതെല്ലാം ? 1

(c) ചിമ്പാൻസിയും മനുഷ്യനും തമ്മിലുള്ള പരിണാമ ബന്ധം തെളിയിക്കുന്നതിന് ഹീമോഗ്ലോബിൻ താരതമ്യപഠനം സഹായിച്ചതെങ്ങനെ ? 1

20. ബോക്സിൽ നിന്ന് അനുയോജ്യമായവ തെരഞ്ഞെടുത്ത് ഹോർമോൺ വൈകല്യങ്ങൾ സൂചിപ്പിക്കുന്ന പട്ടിക പൂർത്തിയാക്കുക. 3

| ഗ്രന്ഥി | ഹോർമോൺ | വൈകല്യം | ലക്ഷണം |
|---|---|---|---|
| പാൻക്രിയാസ് | (i) ........ | പ്രമേഹം | (ii) ........ |
| ഹൈപ്പോതലാമസ് | വാസോപ്രസിൻ | (iii) ........ | (iv) ........ |
| പിറ്റ്യൂട്ടറി | (v) ........ | (vi) ........ | വളർച്ചാഘട്ടത്തിനു ശേഷം മുഖം താടിയെല്ല് എന്നിവയിലെ അസ്ഥികൾ വളരുന്നു. |

- സൊമാറ്റോട്രോപ്പിൻ
- ഡയബറ്റിസ് ഇൻസിപ്പിഡസ്
- അക്രോമെഗലി
- മൂത്രത്തിൽ ഗ്ലൂക്കോസിന്റെ സാന്നിധ്യം
- കൂടെക്കൂടെയുള്ള മൂത്രവിസർജ്ജനം
- ഇൻസുലിൻ
- ശരിയായ ശാരീരിക, മാനസിക വളർച്ച തടസ്സപ്പെടൽ

brainsprep
Download free study materials from www.brainsprep.com

Score

**21** മുതൽ **23** വരെയുള്ള ചോദ്യങ്ങളിൽ **ഏതെങ്കിലും രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും **4** സ്കോർ വീതം. **2x4=8**

**21.** തന്നിരിക്കുന്ന ചിത്രം സൂചിപ്പിക്കുന്ന ഗ്രന്ഥിയേതെന്ന് തിരിച്ചറിഞ്ഞ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) (i) എന്ന ഭാഗം ഉൽപാദിപ്പിക്കുന്ന ഏതു ഹോർമോണാണ് പ്രതിരോധ കോശങ്ങളുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നത് ? 1

(b) (ii) എന്ന ഭാഗം ഉൽപാദിപ്പിക്കുന്ന രണ്ട് ഹോർമോണുകൾ ഏതെല്ലാം ? അവയുടെ ധർമ്മം എന്ത് ? 2

(c) അൽഡോസ്റ്റീറോൺ നിർവഹിക്കുന്ന രണ്ട് മുഖ്യ ധർമ്മങ്ങൾ എഴുതുക. 1

**22.** ചുവടെ നൽകിയ സാഹചര്യങ്ങൾ ഓരോന്നും ശരീരത്തിൽ ഉണ്ടാക്കുന്ന തുടർ പ്രവർത്തനങ്ങൾ വിശദീകരിക്കുക.

(a) ഒരാളുടെ രക്തത്തിൽ സ്വാഭാവികമായി കാണപ്പെടാത്ത ആന്റിജനുകൾ എത്തുന്നു. 2

(b) വാക്സിനുകളിലെ ഘടകങ്ങൾ ശരീരത്തിലെത്തുന്നു. 2

**23.** ചിത്രം പകർത്തി വരച്ച് ചുവടെ തന്നിരിക്കുന്ന ഭാഗങ്ങളുടെ പേരെഴുതി അടയാളപ്പെടുത്തുക. 4



brainsprep
Download free study materials
from www.brainsprep.com

(a) പ്രകാശ രശ്മികളെ കണ്ണിലേയ്ക്ക് പ്രവേശിപ്പിക്കുന്ന ഭാഗം.

(b) പ്രകാശ തീവ്രതയ്ക്കനുസരിച്ച് വലുപ്പം ക്രമീകരിക്കുന്ന ഭാഗം

(c) റെറ്റിനയിൽ പ്രകാശഗ്രാഹികൾ കൂടുതലായി കാണുന്ന ഭാഗം

-oOo-